പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1731 16.2.2016 ൽ മറുപടിയ്ക്ക്

## കാസർകോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടികൾ

**ചോദ്യം** — ശ്രീ.എൻ.എ.നെല്ലിക്കുന്ന്

**മറുപടി** — ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ എത്ര ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട്.; | എ) 2011, 2013, 2015 വർഷങ്ങളിലായി മൂന്ന് ജനസമ്പർക്ക പരിപാടികൾ നടത്തി. |
| ബി) ജനസമ്പർക്ക പരിപാടികളിൽ എത്ര പരാതികളും അപേക്ഷകളും ലഭിച്ചു; ആവശ്യങ്ങൾ തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കാമോ; എത്ര പദ്ധതികളിലും അപേക്ഷകളിലും തീർപ്പുണ്ടായി: | ബി) കൂടുതലായും റവന്യൂ തദ്ദേശസ്വയംഭരണം, സിവിൽ സപ്ലൈസ്, സാമൂഹികനീതി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ആവശ്യങ്ങളിൽ മൂന്ന് ജനസമ്പർക്ക പരിപാടികളിലുമായി 63,254 അപേക്ഷകൾ ലഭിച്ചു. അവയിൽ നാളിതുവരെ 62,908 അപേക്ഷകൾ തീർപ്പാക്കി. |
| സി) കാസർകോഡ് ജനസമ്പർക്ക പരിപാടികളിൽ ജില്ലക്കുവേണ്ടി പുതിയതായി പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഈ പദ്ധതികൾ പൂർത്തീകരിക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | സി) ജനസമ്പർക്ക പരിപാടി 'കരുതൽ 2015'ൽ ജില്ലയിൽ പ്രഖ്യാപിച്ച പത്ത് പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) മംഗലാപുരത്തെ ആശുപത്രികളും കാരുണ്യപദ്ധതിയിൽ<br>2) മെഡിക്കൽ കോളേജ് നിർമ്മാണം.<br>3) 100 എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വീട്.<br>4) കടാശ്വാസത്തിന് പ്രത്യേക പദ്ധതി<br>5) ആധുനീക സൗകര്യങ്ങളോടെ പുനരധിവാസ ഗ്രാമം.<br>6) മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കാശുപത്രികൾ<br>7) ബാവിക്കര റഗുലേറ്റർ പദ്ധതി പൂർത്തീകരണം<br>8) നീലേശ്വരം നഗരസഭയ്ക്ക് ബസ് സ്റ്റാൻഡിന് സ്ഥലം.<br>9) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം<br>10) നീലേശ്വരം-പള്ളിക്കര റയിൽവേ മേൽപ്പാലം.<br>എല്ലാ പദ്ധതികളും പ്രാവർത്തികമാക്കുന്നതിന് സർക്കാർ തലത്തിലും മറ്റു വിവിധ തലങ്ങളിലും നടപടി സ്വീകരിച്ചു വരുന്നു. |

Kudakuh

സെക്ഷൻ ഓഫീസർ